LIBRARY ARCHIVES Kerala Legislative Assembly

വള്ളിക്കുന്നം സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം

67 (412) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ വള്ളിക്കുന്നം സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ വിശദമാക്കാമോ ;

(ബി) തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) വള്ളിക്കുന്നം സെക്ഷൻ ഓഫീസിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഫയൽ നമ്പർ ലഭ്യമാക്കുമോ ;

(ഡി) ആലപ്പുഴ ജില്ലയിൽ എത്ര സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട് ; ഓരോ സെക്ഷൻ ഓഫീസുകൾക്ക് കീഴിലും നിലവിലുള്ള ഉപഭോക്താക്കളുടെ എണ്ണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി, (25,000 ഉപഭോക്താക്കൾ/50 ചതുരശ്ര കി.മീ. അഥവാ 20,000 ഉപഭോക്താക്കൾ/100 ചതുരശ്ര കി.മീ.) പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചുവരുന്നത്. ചാരുമ്മൂട്, കൃഷ്ണപുരം, കറ്റാനം എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് വള്ളിക്കുന്നം സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചിരുന്നു. പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ വള്ളിക്കുന്നത്ത് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ഇക്കാര്യം കൈകാര്യം ചെയ്യുന്നത് ഡി.(ഡി&എസ്.)/ഡി.5/എൻ.എസ്. വള്ളിക്കുന്നം/4028/2013 എന്ന ഫയലിലാണ്.

(ഡി) 45 സെക്ഷൻ ഓഫീസുകൾ. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കർഷകർക്ക് ഏർപ്പെടുത്തിയ വൈദ്യുതി നിരക്ക്

68 (413) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.